**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **10-10-2024 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസ വകുപ്പിലെ ഫയൽ അദാലത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാ തലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെയും,സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ ഓഫീസുകളിലെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഫീസുകളിൽ തീർപ്പാകാതെ ശേഷിക്കുന്ന ഫയലുകളിൽ അതാത് ഓഫീസ് തലങ്ങളിലും, ജില്ല തലങ്ങളിലും (AEO/DEO/DDE) ഓഫീസുകൾ കേന്ദ്രീകരിച്ച്) 22.06.2024 തീയതി മുതൽ തുടർന്നുള്ള ആഴ്ചകളിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു.കൂടാതെ സംസ്ഥാനതലത്തിൽ,പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഓഫീസുകളെ മൂന്ന് മേഖലകളായി തിരിച്ച് ഹയർസെക്കണ്ടറി, വി.എച്ച്.എസ്.ഇ വിഭാഗത്തിന്റേത് ഉൾപ്പെടെ 2024 ജൂലൈ 26- ന് എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകൾക്കായി എറണാകുളത്ത് വെച്ചും, 2024 ഓഗസ്റ്റ് 5 ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്കായി കൊല്ലത്തുവെച്ചും, 2024 ഓഗസ്റ്റ് 17 ന് മലപ്പുറം , കോഴിക്കോട്, വയനാട്,കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി കോഴിക്കോട് വെച്ചും മേഖലാ ഫയൽ അദാലത്ത് നടത്തുകയുണ്ടായി.വയനാട് ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജില്ലയെ അദാലത്തിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നിരുന്നാലും വയനാട് ജില്ലയെ പ്രതിനിധീകരിച്ച് വളരെ കുറച്ച് ജീവനക്കാരെ കോഴിക്കോട് മേഖലാ ഫയൽ അദാലത്തിൽ പങ്കെടുപ്പിച്ചിരുന്നു.ഡയറക്ടറേറ്റ് തലത്തിലുള്ള ഫയൽ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിൽ അദാലത്തുകൾ നടത്തിയെന്നും ഇനി ഏതെല്ലാം ജില്ലകളിൽ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) | എ പിരിവിൽ മറുപടി നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | അദാലത്ത് പൂർത്തിയാക്കിയ ജില്ലകളിൽ എത്ര ഫയലുകൾ തീർപ്പാക്കിയെന്നും മേൽ നടപടികൾക്കായി ഡയറക്ടറേറ്റുകൾക്കും സർക്കാരിനും അയച്ച അദാലത്ത് ഫയലുകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്നും അത് സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ? | (സി) | വിവരം ശേഖരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ